




## *ഒരു കിലോ കഞ്ചാവുമായി പട്ടാമ്പി സ്വദേശി പാലക്കാട്ട് അറസ്റ്റിൽ*

തമിഴ്നാട്ടിൽ നിന്നും പട്ടാമ്പി, ഷൊർണ്ണൂർ, ഒറ്റപ്പാലം എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ചില്ലറ വിൽപ്പനക്കായി കൊണ്ടുവന്ന ഒരു കിലോ കഞ്ചാവുമായി പട്ടാമ്പി സ്വദേശിയെ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും , ടൗൺ നോർത്ത് പോലീസും കൂടി ഒലവക്കോട്ട് വെച്ച് പിടികൂടി . പട്ടാമ്പി, കൂറ്റനാട്, നെല്ലിക്കാട്ടിരി ,പാറക്കൽ പീടികയിൽ മജീദ്, വ :36 നെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ അര ലക്ഷത്തോളം രൂപ വിലമതിക്കും. ജില്ലാ പോലീസ് മേധാവി സാബു IPS , നർകോട്ടിക് സെൽ DySP ബാബു K തോമസ്, എന്നിവരുടെ നേതൃത്വത്തിലാണ് ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡ് പ്രവർത്തിച്ചു വരുന്നത്.



തമിഴ്നാട്ടിലെ , തിരുപ്പൂരിൽ നിന്നുമാണ് കഞ്ചാവ് ട്രെയിൻ മാർഗ്ഗം കൊണ്ടുവന്നത്. 15000 രൂപക്ക് ലഭിക്കുന്ന കഞ്ചാവ് 50000 രൂപയ്ക്കാണ് വിറ്റഴിക്കുന്നത്. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, അന്യസംസ്ഥാനത്തൊഴിലാളികൾ എന്നിവരെ കേന്ദ്രീകരിച്ചാണ് കച്ചവടം നടക്കുന്നത്.

പാലക്കാട് DySP .G.D. വിജയകുമാർ , ടൌൺ നോർത്ത് S.I. P.M.വിമോദ്, ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡ് അംഗങ്ങളായ S.I. പ്രസാദ് വർക്കി, T. R.സുനിൽകുമാർ, C.V.ബിജു, സന്ദീപ്, R. വിനീഷ്, R. രാജീദ് എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

……………………………………………………………………………………………………

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT